

വംശനാശം നേരിടുന്ന ആസാമിലെ വൻകൊക്കുകൾക്കുവേണ്ടി ഹർഗില ആർമി എന്ന കൂട്ടായ്മ രൂപീകരിച്ച് ഈ വർഷത്തെ ഗ്രീൻ ഓസ്കാർ അവാർഡ് നേടിയ **പൂർണിമ ദേവി**യെയും ഗ്രാമീണരായ അവരുടെ സഹപ്രവർത്തകരെയും കുറിച്ചറിയൂ..

# വൻകൊക്കുകളെ സ്നേഹിച്ച ഗ്രാമീണർ

**ശാലിനി വി.എസ്സ് നായർ**

നമ്മുടെ ചുറ്റുപാടും ചുറ്റിയടിച്ച് എച്ചിലുകൾ കൊത്തിപ്പെറുക്കി പരിസരം വൃത്തിയാക്കുന്ന കാക്കകളെ നാം ദിനവും കാണാറില്ലേ. അവയെ പോലെയുള്ള ശുചീകരണ പക്ഷികളാണ് ഗ്രേറ്റർ അഡ്ജുറ്റന്റ് സ്റ്റോർക് അഥവാ ഹർഗില എന്നറിയപ്പെടുന്ന വമ്പൻ കൊക്കുകൾ.

നമ്മുടെ നാട്ടിലെ വയലേലകളിൽ കാണപ്പെടുന്ന കൊക്കുകളെക്കാൾ ഭാരവും വലുപ്പവുമേറിയ ഹർഗിലകൾ ഇന്ത്യയിൽ, വടക്ക് കിഴക്കൻ സംസ്ഥാനമായ ആസാമിലെ മൂന്ന് ഗ്രാമങ്ങളിൽ മാത്രമേ കാണപ്പെടുന്നുള്ളൂ.

ഇന്ത്യയിലും കംബോഡിയയിലും മാത്രം കാണപ്പെടുന്ന ഇവ കടുത്ത വംശനാശ ഭീഷണി നേരിടവെയാണ് ഒരു രക്ഷകയായി പൂർണ്ണിമ ദേവി ബർമൻ എന്ന വൈൽഡ് ലൈഫ് ബയോളജിസ്റ്റ് കടന്നുവന്നത്.

## ഹർഗിലയോടുള്ള പഴയ മനോഭാവം

ഹർഗില എന്ന വലിയ കൊക്കുകൾ ഗ്രാമത്തിന്റെ മുഖമുദ്രയാകുന്നതിനു മുമ്പ് ഇവയെ ഗ്രാമീണർ അപശകുനമായാണ് കണ്ടിരുന്നത്. സംസ്കൃത ഭാഷയിൽ, 'എല്ലുകൾ വിഴുങ്ങുന്നവർ' എന്നാണ് ഹർഗില എന്ന പേരിന്റെ അർത്ഥം.

ആസാമിലെ ബ്രഹ്മപുത്ര താഴ്വരയിലെ ചതുപ്പുനിലങ്ങളിൽ ഇരതേടുന്ന ഈ പക്ഷികൾ ഡഡറ, പചറിയ, ഹിൻഗിമറി എന്നീ ഗ്രാമങ്ങളിൽ താവളമടിച്ചു. ഇവിടെയുള്ള വൻമരങ്ങൾ ഇവയുടെ വാസസ്ഥലങ്ങളായി. സുലഭമായ ഭക്ഷണവും പാർപ്പിടവും ലഭ്യമായതിനെത്തുടർന്ന് ഈ ഗ്രാമങ്ങൾ കൊക്കുകളുടെ പ്രിയപ്പെട്ട ആവാസകേന്ദ്രങ്ങളായി.

എന്നാൽ ഗ്രാമവാസികൾ ഇവയെ വെറുത്തിരുന്നു. ഇവയുടെ രൂക്ഷഗന്ധമുള്ള കാഷ്ഠം, കർണ്ണകഠോരമായ പരുക്കൻ ശബ്ദം, തീറ്റയുടെ അവ

*പൂർണ്ണിമ ദേവി ബർമൻ*





ഹർഗില

ശിഷ്ടങ്ങൾ ചുറ്റും വിതറി പരിസരം മലിനമാക്കൽ എന്നീ കാരണങ്ങളാൽ നാട്ടുകാർ ഇവയെ ആട്ടിപ്പായിച്ചിരുന്നു.

8 കിലോഗ്രാം (18 പൗണ്ട് ) ഭാരമുള്ള ഇവ കൂട്ടംകൂട്ടമായി കഴിയുന്നവയാണ്. വൻമരങ്ങളിൽ കൂടുകെട്ടാറുള്ള ഇവയെ തുരത്തുവാനായി ഗ്രാമീണർ മരങ്ങൾ വൻതോതിൽ വെട്ടിവീഴ്ത്തി. ചതുപ്പുനിലങ്ങളുടെ വിസ്തൃതി കുറഞ്ഞതും കൊറ്റികളുടെ നില പരുങ്ങലിലാക്കി. അവയുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വന്നു.

അപ്പോഴാണ് പൂർണ്ണിമ സ്ത്രീകളുടെ നേതൃത്വത്തിൽ ഇവയുടെ സംരക്ഷണം ഏറ്റെടുക്കുവാനായി മുന്നോട്ടു വന്നത്. 'ഹർഗില ആർമി' എന്ന പേരിൽ പക്ഷികളെ സംരക്ഷിക്കുവാനായി 2008-ൽ ഒരു കൂട്ടായ്മ അവർ സംഘടിപ്പിച്ചു. 'ആയുധമില്ലാത്ത സേന' എന്നറിയപ്പെടുന്ന ഈ സംഘടനയിൽ ഗ്രാമീണ സ്ത്രീകളാണ് മുന്നണിപ്പോരാളികൾ. 'ആരണ്യക്' എന്ന ആസാമിലെ പ്രകൃതിസംരക്ഷണ സന്നദ്ധ സംഘടനയുടെ പിന്തുണയോടെ പൂർണ്ണിമ തദ്ദേശവാസികളായ എഴുപതോളം സ്ത്രീകളെ ഉൾപ്പെടുത്തി പക്ഷി സംരക്ഷണത്തിന് തുടക്കമിട്ടു.

മൂന്ന് ഗ്രാമങ്ങളിലെ പ്രാദേശിക ഭരണകൂടങ്ങൾ, പ്രകൃതി സംരക്ഷണ സംഘടനകൾ, പോലീസ് സേന എന്നിവയുടെ പൂർണ്ണമായ പിന്തുണയോടെ ഹർഗില ആർമി ഇന്ന് മുന്നേറിക്കൊണ്ടിരിക്കുന്നു. ഇന്ന് ഇന്ത്യയിലും കംബോഡിയയിലുമായി 1200-ലധികം ഹർഗിലകളുണ്ടെന്ന് ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിന്റെ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

## ഗ്രാമീണ വനിതകളുടെ പങ്കാളിത്തം

ആസാമിലെ ഉൾഗ്രാമങ്ങളിലെ കുടുംബങ്ങളിൽ സ്ത്രീകൾക്ക് സുപ്രധാന പങ്കുണ്ട്. തന്റെ ലക്ഷ്യം പൂർത്തീകരിക്കുവാനായി പൂർണ്ണിമ ഗ്രാമീണ വനിതകളോട് ചങ്ങാത്തം കൂടി. പ്രത്യേകിച്ച് വൻമരങ്ങളുടെ ഉടമകളായ സ്ത്രീകളോട് പ്രകൃതിസംരക്ഷണത്തെ കുറിച്ചും, കൊറ്റികളെ

## പക്ഷിക്കുഞ്ഞുങ്ങളെ രക്ഷിക്കാൻ...

വൻമരങ്ങളിലെ കൂടുകളിൽനിന്നുള്ള ഹർഗിലയുടെ കുഞ്ഞുങ്ങൾ അകാലമരണങ്ങൾക്ക് ഇരയാകുന്നത് നിത്യസംഭവമായിരുന്നു. 23 മീറ്റർ ( 75 അടി) ഉയരത്തിലുള്ള കൂടുകളിൽ നിന്ന് താഴേക്ക് വീണ് ധാരാളം പക്ഷിക്കുഞ്ഞുങ്ങൾക്ക് ജീവഹാനിയുണ്ടായി. തുടർന്ന് പക്ഷിസംരക്ഷണ സേന മരങ്ങൾക്ക് ചുറ്റും വലകെട്ടി. വലയിൽ വീഴുന്നവയെ സംരക്ഷിക്കുവാനായി ഗ്രാമീണർ പോലീസിന്റെ സഹായത്താൽ ആസാമിലെ സംസ്ഥാന മൃഗശാലയിലേക്ക് ഇവയെ അയക്കാറുണ്ട്. വലവിരിച്ചതോടെ പക്ഷിക്കുഞ്ഞുങ്ങളുടെ മരണനിരക്ക് ഗണ്യമായി കുറഞ്ഞു.





ഹർഗിലകളെ പറ്റി പൂർണ്ണിമ ദേവി ബർമൻ ഗ്രാമീണർക്ക് ക്ലാസെടുക്കുന്നു.

കുറിച്ചും സംസാരിച്ചു. അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയ പൂർണ്ണിമ ചെറിയ കൂട്ടായ്മകൾ രൂപീകരിച്ചും, ചർച്ചകൾ സംഘടിപ്പിച്ചും മുന്നേറി.

കൊറ്റികൾ അവശിഷ്ടങ്ങൾ ഭക്ഷിക്കുന്നതിനെ കുറിച്ചും അവക്ക് പ്രകൃതിയുമായുള്ള അഭേദ്യമായ ബന്ധത്തെ പറ്റിയും വിശദീകരിച്ചു. കൂടാതെ പൗരാണിക ഗ്രന്ഥങ്ങളിൽ ഈ പക്ഷിക്കു നൽകപ്പെട്ടിരുന്ന പ്രാധാന്യത്തെ പറ്റിയും പൂർണ്ണിമ വിശദീകരിച്ചു.

തങ്ങൾ ആട്ടിയകറ്റുന്ന പക്ഷിക്കൂട്ടത്തിന്റെ പ്രാധാന്യം ക്രമേണ ഗ്രാമവാസികൾക്ക് ബോധ്യമായി. നൂറുകണക്കിന് ഹർഗില പക്ഷികൾ മാത്രമേ ലോകത്തിൽ അവശേഷിച്ചിട്ടുള്ളൂ എന്ന സത്യം അവർ തിരിച്ചറിഞ്ഞു. തങ്ങളുടെ ഗ്രാമം ഈ അപൂർവ്വ പക്ഷിയുടെ താവളമാണെന്ന് ബോധ്യപ്പെട്ട ഗ്രാമീണർ ഇവയെ സംരക്ഷിക്കുവാനായി തീരുമാനിച്ചു.

ബോധവൽക്കരണ ക്ലാസുകളിൽ പങ്കെടുത്ത വനിതകൾ വമ്പൻ കൊക്കുകൾ നേരിടുന്ന ഭീഷണികൾ കുറയ്ക്കാനും, ആവാസവ്യവസ്ഥയെ സംരക്ഷിക്കുവാനും നിശ്ചയിച്ചു. അവ പറന്നിരിക്കുന്ന വൃക്ഷങ്ങളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും ആവശ്യകതയും അവർ കുടുംബാംഗങ്ങളെ ബോധ്യപ്പെടുത്തി.

തങ്ങളുടെ പറമ്പിലെ മരങ്ങളിൽ ഈ അപൂർവ്വ പക്ഷികൾ താവളമടിക്കുന്നതിൽ ഗ്രാമീണർ അഭിമാനിക്കാൻ തുടങ്ങി. 2010-ന് ശേഷം ഒരൊറ്റ ഗ്രാമീണനും അത്തരം ഒരു മരം പോലും വെട്ടി നശിപ്പിച്ചിട്ടില്ലെന്ന് പൂർണ്ണിമ വ്യക്തമാക്കുന്നു.



ഹർഗിലകൾ

## ഇന്ത്യൻ നദികളുടെ അപരനാമങ്ങൾ

| | |
|---|---|
| ബ്രഹ്മപുത്ര | ചുവന്ന നദി |
| മഹാനദി | ഒഡീഷയുടെ ദുഃഖം |
| ടീസ്റ്റ | സിക്കിമിന്റെ ജീവനാഡി |
| ദാമോദർ | ബംഗാളിന്റെ ദുഃഖം |
| മണ്ഡോവി | ഗോവയുടെ ജീവനാഡി |



പക്ഷി സംരക്ഷകർ വിദ്യാലയങ്ങളിൽ നേരിട്ടെത്തി ഹർഗിലയെ പറ്റിയുള്ള ക്ലാസുകളും, ചിത്രരചനാ മത്സരവും, റാലികളുമൊക്കെ സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഗ്രാമീണ വനിതകൾ ഈ പക്ഷിയുടെ മാതൃകകൾ നിർമ്മിച്ച് വിപണനം നടത്തുന്നുണ്ട്. ഇവയുടെ ചിത്രങ്ങൾ പതിപ്പിച്ച വസ്ത്രങ്ങൾക്ക് വിപണിയിൽ നല്ല ഡിമാന്റുണ്ട്. ഇതിനൊക്കെ പുറമെ സേനയുടെ പ്രവർത്തകർ കൊക്കുകളുടെ മുഖംമൂടിയണിഞ്ഞ് തെരുവു നാടകങ്ങൾ അവതരിപ്പിച്ച് ബോധവത്കരണവും നടത്തുന്നു.

അമ്മപ്പക്ഷികളുടെയും, അവയുടെ മുട്ടകളുടെയും സംരക്ഷണത്തിനായി ഗ്രാമീണർ പ്രാർഥിക്കാറുണ്ട്. 'അല്ലയോ ഹർഗിലാ, നീ ഇപ്പോൾ ഞങ്ങളുടെ ഗ്രാമത്തിൽ സുരക്ഷിതയാണ്. വരൂ ഇവിടെ ജീവിക്കൂ. നിങ്ങളുടെ കുടുംബത്തെ പരിപാലിക്കൂ. നിങ്ങളുടെ സാന്നിധ്യം ഞങ്ങളുടെ ഭാഗ്യമാണ്.' ഇത്തരത്തിലുള്ള പ്രാർഥനാ ഗീതങ്ങളാണ് ഗ്രാമവാസികൾ പക്ഷികളുടെ നന്മക്കായി ഉരുവിടാറുള്ളത്.

### സന്നദ്ധ സേവനത്തിന് അംഗീകാരങ്ങൾ

ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി അധികൃതർ ഗ്രാമീണരുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് പ്രകീർത്തിച്ചു. നിരക്ഷരരായ ഗ്രാമീണ വനിതകളെന്ന് പരിഷ്കൃത സമൂഹം മുദ്രകുത്തിയിരുന്ന സ്ത്രീകളാണ് ഇന്ന് ഈ സംഘടനയുടെ പ്രധാന വക്താക്കൾ. ഇവർ പ്രകൃതിയെയും, ഒപ്പം തങ്ങളുടെ പ്രിയപക്ഷിക്കൂട്ടങ്ങളെയും സംരക്ഷിക്കാൻ സദാ ജാഗരൂകരാണ്.

14 ഗ്രൂപ്പുകൾ അടങ്ങിയതാണ് പക്ഷി സംരക്ഷണ സേന. ഓരോ ഗ്രൂപ്പിലും 5 അംഗങ്ങൾ വീതമുണ്ട്. ഈ സേനക്ക് സ്വദേശീയവും വിദേശീയവുമായ സന്നദ്ധ സംഘടനകളുടെ സഹായ സഹകരണങ്ങൾ സദാ ലഭിക്കുന്നുണ്ട്.

ദൃഢനിശ്ചയവും ആത്മാർഥ സേവനവും കൈമുതലാക്കിയ ഈ സന്നദ്ധ സംഘടനക്ക് 35000 പൗണ്ട് സമ്മാനത്തുകയുള്ള ഗ്രീൻ ഓസ്കാർ പുരസ്കാരം ലഭിച്ചു. 'ഹർഗില ബയ്ഡിയോ' അഥവാ 'ഹർഗിലയുടെ സോദരി' എന്ന ഓമനപ്പേരിലറിയപ്പെടുന്ന പൂർണ്ണിമക്ക് ബ്രിട്ടനിലെ ആനി രാജകുമാരി 'വിറ്റ്ലെ പുരസ്കാരം' സമ്മാനിച്ചു. 66 രാജ്യങ്ങളിൽ നിന്നുള്ള 166 മത്സരാർഥികൾ ഈ പുരസ്കാരത്തിനായി മത്സരിച്ചിരുന്നു.

വംശനാശ ഭീഷണി നേരിടുന്ന ഈ പക്ഷികളെ സംരക്ഷിക്കണമെന്ന് താൻ കുട്ടിക്കാലം മുതൽ ആഗ്രഹിച്ചിരുന്നതായി പൂർണ്ണിമ വെളിപ്പെടുത്തി. 7 വർഷങ്ങൾക്ക് മുൻപ് വെറും 30-ഓളം കൂടുകൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നത് 150 പക്ഷിക്കൂടുകൾ എന്നതിലേക്ക് പുരോഗമിക്കുന്നതിൽ പൂർണ്ണിമ വഹിച്ച പങ്ക് നിസ്തുലമാണ്.

ഐക്യരാഷ്ട്രസഭയുടെ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ 2016-ലെ ജൈവവൈവിധ്യ പുരസ്കാരത്തിന് പുറമെ ഒട്ടനേകം ബഹുമതികൾ ഈ സംഘടനയെ തേടിയെത്തുന്നുണ്ട്. ഇന്ന് ഈ ഗ്രാമം ലോകത്തിനാകെ ഒരു മാതൃകയാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അത്യപൂർവ സ്നേഹബന്ധത്തിന്റെ ഉത്തമോദാഹരണമായി പൂർണ്ണിമയും ഗ്രാമീണരും നിലകൊള്ളുന്നു.